കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# മുൻഗണനാ ഓഹരികൾ (ലാഭവീതങ്ങൾ ക്രമപ്പെടുത്തൽ) ആക്റ്റ്, 1960

(1960–ലെ 63–ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# മുൻഗണന ഓഹരികൾ (ലാഭവീതങ്ങൾ ക്രമപ്പെടുത്തൽ) ആക്റ്റ്, 1960

(1960-ലെ 63-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981
3/1449/V.

# മുൻഗണന ഓഹരികൾ (ലാഭവീതങ്ങൾ ക്രമപ്പെടുത്തൽ) ആക്റ്റ്, 1960

(1960-ലെ 63)

[1960 ഡിസംബർ, 28]

ചില കമ്പനികളുടെ മുൻഗണന ഓഹരികളിൻമേലുള്ള ലാഭവീതങ്ങൾ ക്രമപ്പെടുത്താനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനൊന്നാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

ചുരുക്കപ്പേരും പ്രാരംഭവും.— 1. (1) ഈ ആക്റ്റിന്, മുൻഗണന ഓഹരികൾ (ലാഭവീതങ്ങൾ ക്രമപ്പെടുത്തൽ) ആക്റ്റ്, 1960 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ് :

എന്നാൽ, ബാങ്കിങ്ങ്കമ്പനികളുടേയും, ഇത് ഇതിലെ വ്യവസ്ഥകൾ ഇൻഷ്വറൻസ് കമ്പനികളുടെയും ധനകാര്യ ഏകാംഗയേ ഗങ്ങളുടേയും മുൻഗണന ഓഹരികളുടെ ലാഭവീതങ്ങൾ ക്രമപ്പെടുത്തുന്നതിനെ സംബന്ധിക്കുന്നിടത്തോളമൊഴികെ, ജമ്മു-കാശ്മീർ സ്റ്റേറ്റിന് ബാധകമായിരിക്കുന്നതല്ല.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവ പാണ്ടിച്ചേരി യൂണിയൻ രാജ്യക്ഷേത്രത്തിന് ബാധകമാകുന്നതിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന രൂപഭേദങ്ങൾക്ക് വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—

(ക) "കമ്പനികൾ ആക്റ്റി"ന്, കമ്പനികൾ ആക്റ്റ്, 1956 എന്ന് അർത്ഥമാകുന്നു;

(ഖ) 'കമ്പനി'ക്ക്, ഇൻഡ്യൻ ആദായനികുതി ആക്റ്റ് (1961-ലെ 43)-ലെ 2-ാം വകുപ്പ് (26)-ാം ഖണ്ഡത്തിൽ നിർവചിച്ച പ്രകാരമുള്ള ഇൻഡ്യൻ കമ്പനി എന്നർത്ഥമാകുന്നതും, അതിൽ മുൻപറഞ്ഞ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ച് ഇൻഡ്യയ്ക്കുള്ളിൽ ലാഭവീതങ്ങൾ പ്രഖ്യാപിക്കുകയും കൊടുക്കുകയും ചെയ്യുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുള്ളതും, മുൻപറഞ്ഞവകുപ്പിലെ (17)-ാം ഖണ്ഡം (ii) ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെടുന്നതുമായ കമ്പനി ഉൾപ്പെടുന്നതും ആകുന്നു ;

(ഗ) "മുൻഗണന ഓഹരി"ക്ക് ലാഭവീതങ്ങൾ സംബന്ധിച്ച് നിശ്ചിത തുകയോ ഒരു നിശ്ചിത നിരക്കിൽ കണക്കുകൂട്ടിയ തുകയോ കിട്ടാനുള്ള മുൻഗണനാവകാശം വഹിക്കുന്ന ഓഹരി എന്നർത്ഥമാകുന്നു ;

(ഘ) "മുൻവർഷ"ത്തിന്, ആദായനികുതി ആക്റ്റ് (1961-ലെ 43)-ലെ അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ് ;

(ങ) ഒരു മുൻഗണന ഓഹരിയെസംബന്ധിച്ച് "ഉടമ്പടി ചെയ്ത ലാഭവീതം" എന്നാൽ, അങ്ങനെയുള്ള ഓഹരിയുടെ ഉടമയ്ക്ക് ലാഭവീതമായി കിട്ടാൻ മുൻഗണനാവകാശമുള്ള നിശ്ചിതത്തുകയോ, നിശ്ചിതനിരക്കിൽ കണക്കുകൂട്ടിയ തുകയോ എന്നർത്ഥമാകുന്നു;

(ച) ഈ ആക്ററിൽ, ഉപയോഗിക്കുകയും എന്നാൽ നിർവചിക്കാതിരി
ക്കുകയും ചെയ്യുന്നതും, കമ്പനികൾ ആക്ററിൽ നിർവചിക്കുന്നതുമായ
മറെറല്ലാവാക്കുകൾക്കും പദങ്ങൾക്കും ഈ ആക്ററിൽ അവയ്ക്ക് യഥാക്രമം
നൽകുന്ന അർത്ഥമുണ്ടായിരിക്കുന്നതാണ്.

3. ചില സംഗതികളിൽ മുൻഗണന ഓഹരികളിൻമേലുള്ള ലാഭ
വീതങ്ങൾ ക്രമപ്പെടുത്തൽ.—(1) ഒരു കമ്പനിയുടെ, 1960 ഏപ്രിൽ 1-ാം
തീയതിക്കുമുൻപ് പുറപ്പെടുവിക്കുകയും വരി നൽകുകയും ചെയ്ത ഒരു
മുൻഗണന ഓഹരി സംബന്ധിച്ചുള്ള, ഉടമ്പടി ചെയ്ത ലാഭവീതം—

(ക) ആദായനികുതിയിൽനിന്ന് ഒഴിവാക്കിയാണെന്ന് വിനിർദ്ദേശി
ക്കുകയും, അതിൽനിന്ന് കമ്പനി കൊടുക്കേണ്ട ആദായനികുതി വകയിൽ
യാതൊരു കിഴിവും ചെയ്യാതിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) ലാഭവീതം ആദായനികുതിയിൽനിന്ന് ഒഴിവാക്കിയതാണെന്നുള്ള
യാതൊരു വിനിർദ്ദേശീകരണവും ഇല്ലെന്നിരുന്നാലും, അതിൽനിന്ന്
കമ്പനി കൊടുക്കേണ്ട ആദായനികുതി വകയിൽ യാതൊരു കിഴിവുംകൂടാതെ
1960 ഏപ്രിൽ 1-ാം തീയതിക്ക് മുൻപ് കൊടുത്തുകൊണ്ടിരുന്നിരിക്കുകയോ

ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതൊരു ഓഹരിയും ഈ ആക്ററിന്റെ
പ്രാരംഭത്തിനുശേഷം പ്രഖ്യാപിക്കുന്ന ലാഭവീതങ്ങൾ സംബന്ധിച്ചുള്ള
ഉടമ്പടിചെയ്ത ലാഭവീതങ്ങളിലും അവയുടെ മുപ്പതു ശതമാനം കവിയുന്ന
തുക, മുൻപറഞ്ഞതുപോലെയുള്ള യാതൊരുകിഴിവും കൂടാതെ കിട്ടാനുള്ള
മുൻഗണനാവകാശം വഹിക്കുന്നതാണ്.

(2) ഒരു കമ്പനിയുടെ, 1959 മാർച്ച്, 31-ാം തീയതിക്കുശേഷവും,
1960 ഏപ്രിൽ 1-ാം തീയതിക്കുമുമ്പുമായി പുറപ്പെടുവിക്കുകയും വരി
നൽകുകയും ചെയ്ത ഒരു മുൻഗണന ഓഹരി സംബന്ധിച്ചുള്ള, ഉടമ്പടി
ചെയ്ത ലാഭവീതം, ആദായനികുതിയിൽനിന്ന് ഒഴിവാക്കിയതായിരി
ക്കുകയും, കമ്പനി അങ്ങനെയുള്ള ഓഹരിയുടെ ഉടമയ്ക്കു ഉടമ്പടി ചെയ്ത
ലാഭവീതം കൊടുക്കുന്നതിന് പുറമേ, അതിൻമേൽ കൊടുക്കേണ്ട ആദായ
നികുതി വകയിൽ അയാൾക്കുവേണ്ടി ഏതെങ്കിലും തുക ഗവൺമെന്റിന്
കൊടുക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതൊരു ഓഹരിയും ഈ
ആക്ററിന്റെ പ്രാരംഭത്തിനുശേഷം പ്രഖ്യാപിക്കുന്ന ലാഭവീതങ്ങൾ സംബ
ന്ധിച്ച്, മുൻപറഞ്ഞ തുക കൂട്ടിച്ചേർത്താൽ, ഉടമ്പടിചെയ്ത ലാഭവീത
ത്തിലും അതിന്റെ മുപ്പതുശതമാനത്തിൽ കവിയുന്ന തുക, ആദായ
നികുതിയിൽനിന്ന് ഒഴിവാക്കിയ നിലയിൽ കിട്ടാനുള്ള മുൻഗണനാവകാശം
വഹിക്കുന്നതാണ്.

(3) ഒരു കമ്പനിയുടെ, 1960 ഏപ്രിൽ 1-ാം തീയതിക്കുമുമ്പ്, പുറപ്പെ
ടുവിക്കുകയും വരി നൽകുകയും ചെയ്ത ഒരു മുൻഗണന ഓഹരിയെ സംബ
ന്ധിച്ചുള്ള ഉടമ്പടിചെയ്ത ലാഭവീതം—

(ക) ആദായനികുതിക്ക് വിധേയമായാണെന്ന് വിനിർദ്ദേശിക്കുകയും
അതിൽനിന്ന് കമ്പനി കൊടുക്കേണ്ട ആദായനികുതിവകയിൽ ഒരു കിഴിവ്
ചെയ്തിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ.

(ഖ) ലാഭവീതം ആദായനികുതിക്കു വിധേയമായിരിക്കുമെന്നുള്ള
യാതൊരു വിനിർദ്ദേശീകരണവും ഇല്ലെന്നിരുന്നാലും അതിൽനിന്നു,
കമ്പനി കൊടുക്കേണ്ട ആദായനികുതി വകയിൽ ഒരു കിഴിവിനു വിധേയമായി,
1960 ഏപ്രിൽ 1-ാം തീയതിക്കുമുൻപ് കൊടുത്തുകൊണ്ടിരിക്കുകയോ,

ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതൊരു ഓഹരിയും ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം പ്രഖ്യാപിക്കുന്ന ലാഭവീതങ്ങൾ സംബന്ധിച്ച്, ഉടമ്പടി ചെയ്ത ലാഭവീതങ്ങളിലും, അവയുടെ പതിനൊന്നുശതമാനം കവിയുന്ന തുക മുൻപറഞ്ഞതുപോലെയുള്ള കിഴിവിനുവിധേയമായി കിട്ടാനുള്ള മുൻഗണനാവകാശം വഹിക്കുന്നതാകുന്നു.

(4) 1960 ഏപ്രിൽ 1-ാം തീയതിക്കുമുൻപ് പ്രഖ്യാപിക്കുകയും വരി നൽകുകയും ചെയ്ത ഒരു മുൻഗണന ഓഹരിസംബന്ധിച്ച്, ഒരു കമ്പനി—

(ക) 1959 മാർച്ച്, 31-ാം തീയതിക്കുശേഷവും, 1960 ജൂലൈ 1-ാം തീയതിക്കുമുൻപുമായി, അതിന്റെ നികുതി ചുമത്തൽ വർഷം 1960-61-നോ, പിന്നീടുള്ള ഒരു നികുതി ചുമത്തൽവർഷത്തിനോ പ്രസക്തമായ ഒരു മുൻവർഷം സംബന്ധിച്ചുള്ള ഒരു ലാഭവീതമോ, അല്ലെങ്കിൽ

(ഖ) 1960 ജൂൺ 30-ാം തീയതിക്കുശേഷവും, ഈ ആക്ററിന്റെ പ്രാരംഭത്തിനു മുൻപുമായി ഏതെങ്കിലും മുൻവർഷം സംബന്ധിച്ചുള്ള ഒരു ലാഭവീതമോ,

പ്രഖ്യാപിച്ചിട്ടുള്ളിടത്ത്, അത് മുൻപറഞ്ഞ മുൻവർഷം സംബന്ധിച്ച് പ്രഖ്യാപിച്ചുകഴിഞ്ഞ ലാഭവീതം കൂട്ടിച്ചേർത്താൽ ഉടമ്പടിചെയ്ത ലാഭവീതത്തിലും—

(i) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച സംഗതികളിൽ, ഉടമ്പടി ചെയ്ത ലാഭവീതത്തിന്റെ മുപ്പതുശതമാനമോ, അല്ലെങ്കിൽ

(ii) (3)-ാം ഉപവകുപ്പിൽ പരാമർശിച്ച സംഗതികളിൽ ഉടമ്പടിചെയ്ത ലാഭവീതത്തിന്റെ പതിനൊന്നുശതമാനമോ,

കവിയുന്ന തുകവരുന്ന കൂടുതൽ ലാഭവീതം പ്രഖ്യാപിക്കേണ്ടതാകുന്നു.

(5) (1)-ം (3)-ം (4)-ം ഉപവകുപ്പുകളുടെ ആവശ്യങ്ങൾക്ക്, ഉടമ്പടി ചെയ്ത ലാഭവീതത്തെക്കുറിച്ചുള്ളഅവയിലെ ഏതെങ്കിലും പരാമർശത്തിന്, 1959 മാർച്ച് 31-ാംതീയതിയോ അതിനുമുമ്പോ പുറപ്പെടുവിക്കുകയും വരി നൽകുകയും ചെയ്ത ഒരു മുൻഗണന ഓഹരിയെസംബന്ധിച്ച്, ആ ദിവസമുണ്ടായിരുന്ന ഉടമ്പടി ചെയ്ത ലാഭവീതത്തെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കപ്പെടുന്നതാകുന്നു.

(6) ലാഭവീതത്തിൽനിന്ന് "കമ്പനി കൊടുക്കേണ്ട ആദായനികുതി വകയിൽ" ചെയ്യുന്ന കിഴിവിനെക്കുറിച്ചുള്ള ഈ വകുപ്പിലേയും 4 ക വകുപ്പിലേയും ഏതെങ്കിലും പരാമർശത്തിൽ, ആ ലാഭവീതത്തിൽനിന്ന് ആദായനികുതി ആക്ററ്, (1961-ലെ 43)-ലെ 194-ാം വകുപ്പിൻകീഴിൽ കമ്പനി കിഴിവ് ചെയ്യുന്ന ഏതെങ്കിലും തുക ഉൾപ്പെടുന്നില്ലെന്ന് സംശയങ്ങൾ നീക്കാനായി ഇതിനാൽ പ്രഖ്യാപിക്കപ്പെടുന്നു.

4. <u>കമ്പനികളെക്കുറിച്ച് അവയുടെ ആദായത്തിന്റെ ഒരു ഭാഗം ആദായനികുതി ചാർജ്ജ്ചെയ്യാവുന്നതല്ലാത്തിടത്തുള്ള പ്രത്യേക വ്യവസ്ഥകൾ.</u>— ഒരു കമ്പനിയുടെ ഏതെങ്കിലും മുൻഗണന ഓഹരി, 1960 ഏപ്രിൽ 1-ാം തീയതിക്കുമുൻപ് പുറപ്പെടുവിക്കുകയും വരിനൽകുകയും ചെയ്തിരിക്കുകയും, പ്രസക്തകാലാവധി സംബന്ധിച്ച്, കമ്പനിയുടെ ലാഭങ്ങളുടേയും നേട്ടങ്ങളുടേയും ഏതെങ്കിലും ഭാഗം, അങ്ങനെയുള്ള ഭാഗം കാർഷികാദായം ആണെന്നുള്ള കാരണത്താൽ, ആദായനികുതി ആക്ററ്, (9161-ലെ

43)-ൻ കീഴിൽ ആദായനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയും ചെയ്യു
ന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും മുൻഗണനഓഹരി സംബന്ധിച്ചുള്ള
3-ാം വകുപ്പിൻകീഴിലെ ലാഭവീത വർദ്ധനവിൻെറ ആവശ്യത്തിന്, അതിൽ
പരാമർശിച്ച മുപ്പതുശതമാനമോ പതിനൊന്നു ശതമാനമോ വർദ്ധനവു, അതതു
സംഗതിപോലെ, ആ മുപ്പതുശതമാനത്തിൻേറയോ പതിനൊന്നുശതമാന
ത്തിൻേറയോ പ്രസക്തകാലാവധി സംബന്ധിച്ച് അപ്രകാരം ഒഴിവാക്കപ്പെട്ട
ലാഭങ്ങളും നേട്ടങ്ങളും ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള കമ്പനിയുടെ ലാഭങ്ങളു
ടേയും നേട്ടങ്ങളുടേയും ആകെത്തുക, ആ കാലാവധിസംബന്ധിച്ച് അതിൻെറ
ലാഭങ്ങളുടെ നേട്ടങ്ങളുടേയും ആകെത്തുകയുമായി വഹിക്കുന്ന അനുപാത
മായി ഗണിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ഒരു കമ്പനിയുടെ
ലാഭങ്ങളും നേട്ടങ്ങളും സംബന്ധിച്ച്, പ്രസക്തകാലാവധി, എന്നാൽ —

(ക) ഏത് മൂന്ന് നികുതിചുമത്തൽവർഷങ്ങളാണോ 1961 മാർച്ച് 31-ാം
തീയതി അവസാനിക്കുന്ന നികുതി ചുമത്തൽവർഷത്തിന് തൊട്ടുമുൻപുള്ളവ
യായിരിക്കുകയും, അവയിൽ ഓരോന്നിലും, കമ്പനിയുടെ ലാഭങ്ങളുടേയും
നേട്ടങ്ങളുടേയും കണക്കുകൂട്ടലിൻേറയും അന്തിമഫലം നഷ്ടമല്ലാതിരിക്കു
കയും ചെയ്യുന്നത്, അങ്ങനെയുള്ള മൂന്നു നികുതി ചുമത്തൽ വർഷങ്ങൾക്കു
പ്രസക്തമായ മുൻവർഷങ്ങൾ എന്നോ അല്ലെങ്കിൽ അങ്ങനെയുള്ള രണ്ടു
വർഷം മാത്രമുള്ളിടത്ത്, അങ്ങനെയുള്ള രണ്ടുവർഷം എന്നോ, അല്ലെങ്കിൽ
അങ്ങനെയുള്ള ഒരു വർഷം മാത്രമുള്ളിടത്ത്, അങ്ങനെയുള്ള ഒരു വർഷ
മെന്നോ; അല്ലെങ്കിൽ,

(ഖ) (ക) ഖണ്ഡം ബാധകമല്ലാത്ത ഏതെങ്കിലും സംഗതിയിൽ
ഏത് നികുതിചുമത്തൽ വർഷമാണോ, 1961 മാർച്ച് 31-ാം തീയതി അവസാന
ക്കുന്ന നികുതി ചുമത്തൽ വർഷമോ അതിനു തൊട്ടു പിൻപ് വരുന്ന ഒരു
പിന്നീടുള്ള നികുതിചുമത്തൽ വർഷമോ ആയിരിക്കുകയും, അതിൽ ലാഭ
ങ്ങളുടെയും നേട്ടങ്ങളുടേയും കണക്ക് കൂട്ടലിൻെറയും അന്തിമഫലം നഷ്ട
മല്ലാതിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള നികുതി ചുമത്തൽ വർഷ
ത്തിനുപ്രസക്തമായ മുൻവർഷമെന്നോ,

അർത്ഥമാകുന്നു.

4 ക. ആദായനികുതി കിഴിവു ചെയ്യൽ.— ഒരു കമ്പനിയുടെ മുൻഗണന
ഓഹരി സംബന്ധിച്ചുള്ള ഉടമ്പടി ചെയ്ത ലാഭവീതം—

(ക) ആദായനികുതിക്ക് വിധേയമായാണെന്നു വിനിർദ്ദേശിക്കുകയും
അതിൽനിന്നു കമ്പനി കൊടുക്കേണ്ട ആദായനികുതി വകയിൽ ഒരു കിഴിവു
ചെയ്തിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) ലാഭവീതം ആദായനികുതിക്ക് വിധേയമായിരിക്കുമെന്നുള്ള
യാതൊരു വിനിർദ്ദേശീകരണവും ഇല്ലെന്നിരുന്നാലും, അതിൽനിന്നു കമ്പനി
കൊടുക്കേണ്ട ആദായനികുതി വകയിൽ ഒരു കിഴിവിനു വിധേയമായി
കൊടുത്തുകൊണ്ടിരിക്കുകയോ,

ചെയ്യുന്നിടത്ത്, 1966 ഫെബ്രുവരി 28-ാം തീയതിക്കുശേഷം പ്രഖ്യാപി
ക്കുന്ന ഏതെങ്കിലും ലാഭവീതത്തിൽനിന്ന് കമ്പനിചെയ്യുന്ന ഏതെങ്കിലും
കിഴിവ് യാതൊരു സംഗതിയിലും—

(i) ഉടമ്പടിചെയ്ത ലാഭവീതവും,

(ii) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ഉടമ്പടിചെയ്ത ലാഭവീതത്തിന്റെ പതിനൊന്നുശതമാനത്തിനു തുല്യമായ തുകയും,

കൂടി കൂട്ടിയതിന്റെ ഇരുപത്തേഴര ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

5. ആക്ററിന്റെ അധിപ്രഭാവം.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഒരു കമ്പനിയുടെ മെമ്മോറാണ്ടത്തിലോ നിയമാവലിയിലോ, അല്ലെങ്കിൽ കമ്പനിയും അതിന്റെ ഓഹരി ഉടമകളും തമ്മിലുള്ള ഏതെങ്കിലും കരാറിലോ, അല്ലെങ്കിൽ കമ്പനിയുടെ ഒരു പൊതുയോഗത്തിൽ അല്ലെങ്കിൽ അതിന്റെ ഡയറക്ടർ ബോർഡ് നാൽ പാസാക്കപ്പെട്ട ഒരു പ്രമേയത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിലെ വ്യവസ്ഥകൾക്കു പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്ററിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഒരു കമ്പനിക്ക് ഒരു മുൻഗണന ഓഹരിസംബന്ധിച്ച ലാഭവീതത്തിന്റെ തുക, ഈ ആക്ററ് 3-ാം വകുപ്പിലോ 4-ാം വകുപ്പിലോ വിനിർദ്ദേശിച്ച പരിധിക്കപ്പുറം, കമ്പനികൾ ആക്ററ്, 106-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ വർദ്ധിപ്പിക്കാവുന്നതാണ്.

6. ആക്ററ് ഭാഗഭാക്കാകുന്ന മുൻഗണനലാഭവീതങ്ങൾക്ക് ബാധകമാകുന്നതല്ലെന്ന്.— 3-ാം വകുപ്പിലോ 4-ാം വകുപ്പിലോ അടങ്ങിയ യാതൊന്നും മുൻഗണന ഓഹരികളിൻമേലുള്ള ഏതെങ്കിലും ലാഭവീതത്തിന്റെ, കമ്പനികൾ ആക്ററ് 85-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വിശദീകരണത്തിലെ (1)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള ഏതെങ്കിലും ഭാഗത്തിന് ബാധകമായിരിക്കുന്നതല്ല.

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററ് നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയ ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിന് യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.